ഉത്തരം

(എ) സമ്പൂർണ്ണ ഡിജിറ്റൽ കേരളം, ഇ-ഗവേണൻസ്, വിദ്യാർത്ഥി-സംരംഭക പദ്ധതികൾ (സ്റ്റാർട്ട്അപ്പ് വില്ലേജ് ഉൾപ്പെടെ) സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം സ്മാർട്ട് സിറ്റി പദ്ധതി എന്നീ പദ്ധതികളാണ് ഐ.ടി. മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) കേരളത്തെ ഒരു സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടുകൂടിയും പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവന്മാരും അംഗമായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള സ്റ്റാർട്ട്അപ്പ് പദ്ധതിയിൽ രണ്ട് വർഷം കൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ട്അപ്പുകൾക്ക് തുടക്കമായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ എൻ.ഐ.സി., ഐ.ടി. മിഷൻ, കെൽട്രോൺ എന്നിവരുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.

സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കറിന്റെയും മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 232 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വഖഫ് ട്രൈബ്യൂണൽ

245 (4236) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വഖഫ് ട്രൈബ്യൂണലുകളുടെ ഘടന പരിഷ്കരിച്ച് ഉത്തരവിറിക്കിയിട്ടും അംഗങ്ങളെ നിയമിച്ചിട്ടും ട്രൈബ്യൂണലുകളുടെ പ്രവർത്തനം പുതിയ രീതിയിൽ ഇപ്പോഴും ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഖഫ് കേസുകൾ കുറവായതിനാൽ മറ്റു കേസുകൾക്കുകൂടി വഖഫ് ട്രൈബ്യൂണലിൽ അവസരം നൽകി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പുതിയ ഘടനയിൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2013-ലെ വഖഫ് ഭേദഗതി നിയമപ്രകാരം നിലവിലുള്ള മൂന്ന് ഏകാംഗ വഖഫ് ട്രൈബ്യൂണലുകളിൽ രണ്ട് അംഗങ്ങളെ വീതം അധികമായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അഭിപ്രായ പ്രകാരം, ട്രൈബ്യൂണലുകളെ ത്രുപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വീണ്ടും ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതിനാൽ പുതിയ വഖഫ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വഖഫ് ഭേദഗതി നിയമം അനുസരിച്ച് ജുഡീഷ്യറിയിൽ നിന്നല്ലാത്ത രണ്ട് അംഗങ്ങൾ കൂടി ട്രൈബ്യൂണലിൽ ഉള്ളതിനാൽ മറ്റ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പുതിയ വഖഫ് ട്രൈബ്യൂണലുകൾക്ക് സാധ്യമല്ല.

സംസ്ഥാന ഹജ്ജ് കമ്മിറ്റി ആഫീസിലെ തസ്തികകൾ

246 (4237) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ തസ്തികകളുടെ ശമ്പള സ്കെയിലുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനരീതി വ്യക്തമാക്കാമോ ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവരുടെ മാതൃവകുപ്പുകൾ, അടിസ്ഥാന ശമ്പളം എന്നിവ വിശദമാക്കാമോ;

(ഡി) ഡെപ്യൂട്ടേഷൻ ജോലി ചെയ്യുന്നവരുടെ അന്യത്ര സേവനം ഏത് കാലയളവ് വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്; യഥാസമയം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാതെ ജീവനക്കാർ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹജ്ജ് കോർഡിനേറ്റർ എന്ന തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന് ധനവകുപ്പിന്റെ അനുമതിയുണ്ടോ; പ്രസ്തുത തസ്തിക മൂലം ഹജ്ജ് കമ്മിറ്റിക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ഒരു അറ്റൻഡറുടെയും തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാല് ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly